I/77199/2023

O/C

കേരള സർക്കാർ

ഭരണഭാഷ – മാതൃഭാഷ

DFTVM/2128/2021-F3

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി:05-12-2023
ഇ-മെയിൽ:fisheriesdirector@gmail.com

**സർക്കുലർ നമ്പർ 07/2023**

വിഷയം:- ഫിഷറീസ്- _ സഹകരണ നിയമം വകുപ്പ് 69 (4) പ്രകാരം ധനപരമായ തർക്കങ്ങൾ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന:- 1. സംസ്ഥാന സഹകരണ വകുപ്പിന്റെ 13/06/2022 - ലെ സർക്കുലർ നമ്പർ 25/2022.

2. സർക്കാരിന്റെ 27.02.2015 ലെ 35/2015/സഹ നമ്പർ കത്ത്.

3.സർക്കാരിന്റെ 30.10.2023-ലെ ജി.ഒ(പി) നമ്പർ 136/2013/സഹ ഉത്തരവ്, എസ്.ആർ.ഒ.875/2013 പ്രകാരം പ്രസിദ്ധീകരിച്ച 01.11.2013 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 3138.

4.സർക്കാരിന്റെ 27.02.2015-ലെ ജി.ഒ(പി) നമ്പർ35/2015 /സഹ ഉത്തരവ്,എസ്.ആർ.ഒ.112/2015 പ്രകാരം പ്രസിദ്ധീകരിച്ച 06.03.2015 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 481.

5. സഹകരണ സംഘം രജിസ്ട്രാറുടെ 08.06.2015-ലെ 28/2015 നമ്പർ സർക്കുലർ

6.സർക്കാരിന്റെ 21.05.2019-ലെ ബി/165/2019 സഹ നമ്പർ കത്ത്.

7.സർക്കാരിന്റെ 18.11.2019-ലെ ജി.ഒ (പി) നമ്പർ 121/2019/സഹ ഉത്തരവ്,എസ്.ആർ.ഒ.920/2019 പ്രകാരം പ്രസിദ്ധീകരിച്ച 26.11.2019 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 2887.

8.സർക്കാരിന്റെ 01.04.2022-ലെ ജി.ഒ (പി) നമ്പർ 37/2022/സഹ നമ്പർ ഉത്തരവ്,എസ്.ആർ.ഒ.നമ്പർ 338/2022 പ്രകാരം പ്രസിദ്ധീകരിച്ച 02.04.2022 ലെ അസാധാരണ ഗസറ്റ് നമ്പർ 338/2022

9. 17.10.2023 തീയതിയിലെ ജി.ഒ.(പി) നമ്പർ 209/2023/സഹ ഉത്തരവ് എസ്.ആർ.ഒ.നമ്പർ 1098/2023 പ്രകാരം പ്രസിദ്ധീകരിച്ച 17/10/2023 ൽ

I/77199/2023

പ്രസിദ്ധീകരിച്ച അസാധാരണ ഗസറ്റ്

************

1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (ആക്ട് 8/2013 പ്രകാരം വകുപ്പ് 69 (4) ൽ വരുത്തിയ ഭേദഗതി അനുസരിച്ച് എല്ലാ ധനപരമായ തർക്കങ്ങളും ടി നിയമത്തിലെ മൂന്നാം ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള സമയപരിധിക്കുള്ളിൽ ഫയൽ ചെയ്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.ടി ഭേദഗതി നിലവിൽ വന്നപ്പോൾ അതിനോടകം സമയപരിധി കഴിഞ്ഞുപോയ ധനപരമായ തർക്കങ്ങൾ ഫയൽ ചെയ്യാൻ കഴിയാതിരുന്ന സംഘങ്ങൾക്ക് അവ ഫയൽ ചെയ്യുന്നതിനായി വകുപ്പ് 69 (4) പ്രകാരമുള്ള ഭേദഗതിയിൽ ഒരു വർഷത്തേക്ക് ഇളവനുവദിച്ച് സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ടി കാലയളവ് അപര്യാപ്തമാണെന്നും കാലയളവ് ദീർഘിപ്പിക്കണമെന്നുമുള്ള സംഘങ്ങളുടെ അപേക്ഷ കണക്കിലെടുത്ത്, ടി ഇളവ് 14.02.2014 മുതൽ 31.12.2015 വരെ ദീർഘിപ്പിച്ചുകൊണ്ട് സൂചന (3) പ്രകാരവും തുടർന്ന് 01.01.2016 മുതൽ 31.03.2020 വരെ ദീർഘിപ്പിച്ചുകൊണ്ട് സൂചന (6) പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (8) പ്രകാരം ടി കാലാവധി 01.04.2022 മുതൽ 30.06.2022 വരെ ദീർഘിപ്പിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന (9) പ്രകാരം ടി കാലാവധി 31/12/2023 വരെ ദീർഘിപ്പിച്ച കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കേരള സഹകരണ സംഘം നിയമം വകുപ്പ് 69 (4) പ്രകാരം നിശ്ചിത കാലപരിധിക്കുള്ളിൽ ഫയൽ ചെയ്യാൻ കഴിയാതെ പോയിട്ടുള്ള നാളിതുവരെയുള്ള എല്ലാ ധനപരമായ തർക്കങ്ങളും ഇളവ് ദീർഘിപ്പിച്ച നൽകിയിട്ടുള്ള തീയതിയായ 31/12/2023 മുൻപ് തന്നെ നിർബന്ധമായും ഫയൽ ചെയ്യേണ്ടതാണ്. കൂടാതെ 31/12/2023 ന ശേഷവും മൂന്ന് വർഷ കാലപരിധി തികയുന്ന എല്ലാ ധനപരമായ തർക്കങ്ങളും നിശ്ചിത സമയപരിധിക്കുള്ളിൽ ഫയൽ ചെയ്യേണ്ടതാണ്.

2. സംഘങ്ങൾ ഇപ്രകാരം തർക്കങ്ങൾ ഫയൽ ചെയ്യുന്നതിന് മുൻഗണന നൽകി കൊണ്ടുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതും ഫയൽ ചെയ്യാൻ കുടിശ്ശികയായിട്ടുള്ള എല്ലാ ധനപരമായ തർക്കങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി നിശ്ചിത തീയതിക്കുള്ളിൽ തന്നെ അവ ഫയൽ ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതാത് സംഘം ഭരണസമിതികളും സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവും ഇക്കാര്യത്തിൽ സജീവ ശ്രദ്ധ പുലർത്തേണ്ടതാണ്. ഇത് സംബന്ധിച്ച് തുടർന്ന് ഇനിയും ഇളവ് നൽകുന്നതല്ലെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3.അതാത് ഫിഷറീസ് ജോയിന്റ് രജിസ്ട്രാർ (മേഖല)- മാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് സംഘങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അതാത് യൂണിറ്റ് ഇൻസ്പെക്ടർമാർ ഇത് സംബന്ധിച്ച് സംഘം തലത്തിൽ നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവർത്തി അവലോകന യോഗങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മേഖല) മാരും, ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാരും മേൽ നിർദ്ദേശങ്ങൾ സംഘങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
MEGHASHREE D R IAS
DIRECTOR OF FISHERIES

ഫിഷറീസ് ഡയറക്ടർ.

For Director of Fisheries

പകർപ്പ്:-

1) ഫിഷറീസ് ജോയിന്റ് ഡയറക്ടർ,
ദക്ഷിണ മേഖല/മദ്ധ്യ മേഖല/ഉത്തര മേഖല

2) മാനേജിംഗ് ഡയറക്ടർ മത്സ്യഫെഡ്
3) എല്ലാ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
4) എല്ലാ യൂണിറ്റ് ഇൻസ്പെക്ടർമാർക്കും
5) എല്ലാ ഫിഷറീസ് സഹകരണ സംഘങ്ങൾക്കും
6) സ്റ്റോക്ക് ഫയൽ
7) സ്പെയർ